"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ച ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ജോസഫ് സെബാസ്റ്റ്യൻ-ന് ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.909/2026/LSGD തീയതി,തിരുവനന്തപുരം, 23-04-2026

---

പരാമർശം:-
1. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.05.2024 ലെ LSGD/PD/36947/2023-DEA1 നമ്പർ നടപടി ക്രമം
2. സ.ഉ.(സാധാ) നം.2424/2025/തസ്വഭവ തീയതി 06-10-2025
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.12.2025- ലെ LSGD/PD/14245/2025-DEH4 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ജോസഫ് സെബാസ്റ്റ്യൻ-ന് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകിയ പരാമർശം (1) നടപടി ക്രമം സാധൂകരിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടിയാന് ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതം പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ജോസഫ് സെബാസ്റ്റ്യൻ-ന് ടിയാൾ ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ച 01.06.2024 മുതൽ 27/10/2024 വരെയുള്ള കാലയളവിലേക്ക് കെ.എസ്.ആർ ഭാഗം 1 , ചട്ടങ്ങൾ 53(b)(2) [as amended vide G.O (P) No. 88/2017/Fin dated 11.07.2017], 53 A (II) (C), 53 (c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4 % എന്ന നിരക്കിൽ 01.06.2024 മുതൽ പരമാവധി മൂന്ന് മാസകാലയളവിലേക്ക് പരിമിതപ്പെടുത്തി ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ ജോസഫ് സെബാസ്റ്റ്യൻ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തദ്ദേശ സ്വയം ഭരണ വകുപ്പ്, ഇടുക്കി (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേസ സ്വയംഭരണ വകുപ്പ് മുഖേന)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, (തിരുവനന്തപുരം/ തൃശ്ശൂർ)

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, ഇടുക്കി

ജില്ലാ ട്രഷറി ഓഫീസർ, ഇടുക്കി

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് *(ഇപിബി1/303/2025-തസ്വഭവ ഫയൽ)*

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 24-04-2026 10:02:24
സെക്ഷൻ ഓഫീസർ